LIBRARY ARCHIVES Kerala Legislative Assembly

ജലവൈദ്യുത പദ്ധതികളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും പദ്ധതി

9 (7845) ശ്രീ. സണ്ണി ജോസഫ് :

ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവൈദ്യുത പദ്ധതികളുടെ പുനരുദ്ധാരണവും നവീകരണവും സംബന്ധിച്ച് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ഏതൊക്കെ ജലവൈദ്യുതി പദ്ധതികളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 35 വർഷമോ അതിലധികമോ ആയുസ്സുള്ള പദ്ധതികളുടെ ശിഷ്ടായുസ്സ് നിർണ്ണയ പഠനം (RLA study) നടത്തിയശേഷം നവീകരണം ആവശ്യമുള്ള പദ്ധതികൾ നവീകരിക്കുകയും സ്ഥാപിതശേഷി വർദ്ധിപ്പിക്കുവാൻ സാധ്യമായ പദ്ധതികളുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്നതുമാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. പഴയതും കാലഹരണപ്പെട്ടതുമായ സാങ്കേതികവിദ്യയെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ മാറ്റി തൽസ്ഥാനത്ത് ആധുനിക സാങ്കേതിക വിദ്യയെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ സ്ഥാപിക്കുക, കാലപ്പഴക്കത്താൽ തേയ്മാനം സംഭവിച്ച യന്ത്രസാമഗ്രികൾ മാറ്റി പുതിയത് സ്ഥാപിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകവഴി പവർ സ്റ്റേഷന്റെ ആയുസ്സ് ഒരു മുപ്പത് വർഷത്തേക്ക് ദീർഘിപ്പിക്കുക എന്നതാണ് നവീകരണ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(സി & ഡി) പൊരിങ്ങൽകുത്ത്, ഷോളയാർ, ഇടുക്കി, കുറ്റ്യാടി പദ്ധതികൾ.

പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ താഴെ കൊടുക്കുന്നു:

1. പൊരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതിയുടെ നവീകരണവും പുനരുദ്ധാരണവും വഴി സ്ഥാപിതശേഷി 32 മെഗാവാട്ട് (4x8 MW)-ൽനിന്നും 36 മെഗാവാട്ട് (4x9 MW) ആയി വർദ്ധിപ്പിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഈ പദ്ധതി പൂർത്തീകരിക്കപ്പെടുമ്പോൾ (2015 മേയ് മാസത്തോടെ) നിലവിലുള്ള ശേഷി 32 MW-ൽനിന്നും 36 MW ആയി വർദ്ധിക്കുന്നതാണ്. ഒന്നാം നമ്പർ മെഷീനിന്റെ നവീകരണം പൂർത്തീകരിച്ച് 9 MW ശേഷിയിൽ 15-4-2014 മുതൽ ഉൽപാദനം തുടങ്ങി.

2. ഷോളയാർ (3x18 MW)- പ്രസ്തുത പദ്ധതിയുടെ നവീകരണത്തിനായി ടെണ്ടർ ക്ഷണിക്കുകയുണ്ടായി. എന്നാൽ പങ്കെടുത്ത ആർക്കും തന്നെ നിഷ്കർഷിച്ചിട്ടുള്ള യോഗ്യത ഇല്ലാതിരുന്നതിനാൽ പ്രസ്തുത ജോലി ഇ-ടെൻഡർ മുഖേന റീ-ടെണ്ടർ ചെയ്യുകയുണ്ടായി. ഇതിൽ പങ്കെടുത്തവരുടെ Pre- qualification bid-ന്റെ പരിശോധന പുരോഗമിച്ചുവരുന്നു.

3. ഇടുക്കി (3x130 MW)- ഇടുക്കി ഒന്നാംഘട്ട മെഷീനുകളുടെ RLA പഠനം പൂർത്തിയാക്കി. പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ട മെഷീനുകളുടെ നവീകരണത്തിനായി ബോർഡ്, 70 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ഇതിനുവേണ്ടിയുള്ള ഇ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

4. കുറ്റ്യാടി (3x25 MW)- കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ സ്ഥാപിത ശേഷി വർദ്ധിപ്പിക്കുന്നതിനായുള്ള സാധ്യതാ പഠനവും RLA പഠനവും പൂർത്തീകരിച്ച് AHEC എന്ന സ്ഥാപനം റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ട് ബോർഡ് പരിശോധിച്ചുവരുന്നു.

ഡാം സുരക്ഷാ പ്രവർത്തനങ്ങൾക്കായി പദ്ധതി

10 (7846) ശ്രീ. എം. എ. വാഹിദ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. എം. പി. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള ഡാമുകളുടെ സുരക്ഷാ പ്രവർത്തനങ്ങൾക്കായി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly